**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2102** **01-09-2022 - ൽ മറുപടിയ്ക്ക്**

**കറിപൗഡറുകളിലെ വിഷാംശം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മഞ്ഞളാംകുഴി അലി | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിപണനം ചെയ്യുന്ന കറിപൗഡറുകളിൽ ക്യാൻസറിന് കാരണമാകുന്ന മാരകവിഷങ്ങൾ അടങ്ങിയിട്ടുണ്ടെന്ന തരത്തിലുള്ള റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള കറിപൗഡറുകൾ ഉല്പാദിപ്പിക്കുന്ന ഏതെങ്കിലും കമ്പനികൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഇതു സംബന്ധിച്ച പഠന റിപ്പോർട്ടുകളൊന്നും തന്നെ സർക്കാരിൽ ലഭ്യമായിട്ടില്ല. പരിശോധനകളിൽ സുരക്ഷിതമല്ലെന്ന് കണ്ടെത്തിയ കറിപൗഡറുകൾ ഉല്പാദിപ്പിയ്ക്കുന്നവർക്കെതിരെ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട് . |
| (ബി) | ആരോഗ്യത്തിന് ഹാനികരമായ ഇത്തരം ഉല്പന്നങ്ങളെക്കുറിച്ച് തെറ്റിദ്ധരിപ്പിച്ച് പരസ്യങ്ങൾ നൽകുന്നതിനെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | ഇത്തരം പരസ്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | ഇത്തരത്തിലുള്ള ഉല്പന്നങ്ങളുടെ വിപണനം പൂർണ്ണമായും തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കുമോ? | (സി) | 2016-17 മുതൽ നാളിതുവരെ നടത്തിയ കറി പൌഡറുമായി ബന്ധപ്പെട്ട പരിശോധനകളിൽ ആകെ 351 എണ്ണം Unsafe ആയും 65 എണ്ണം Substandard ആയും 70 എണ്ണം Misbranded ആയും കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ വിപണിയിൽ നിന്നും ഇത്തരം ഉൽപ്പന്നങ്ങൾ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും കൂടാതെ കുറ്റക്കാരായ വ്യക്തികൾ/ സ്ഥാപനങ്ങൾക്കെതിരെ 188 അഡ്ജ്യൂഡിക്കേഷൻ കേസുകളും 256 പ്രോസിക്യൂഷൻ കേസുകളും ഫയൽ ചെയ്തിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ